# ബുദ്ധമതത്തിന്റെ ചരിത്രം

ബുദ്ധമതത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ക്രി.മു. ആറാം നൂറ്റാണ്ടില് ശ്രീ ബുദ്ധന്റെ ജനനത്തിനു ശേഷമാണ്. ഇന്ന് നിലവിലുള്ളതില് ഏറ്റവും പ്രാചീനമായ മതവിശ്വാസങ്ങളിലൊന്നാണിത്. ഇന്ത്യയില് ഉടലെടുത്ത ബുദ്ധമതം പിന്നീട് നിരവധി രാജ്യങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും പടര്ന്നു പന്തലിക്കുയുണ്ട്ായി. തന്മൂലം ഇന്ത്യയുടെ സംസ്കാരത്തിനു പുറമേ ഹെല്ലനിക, മദ്ധ്യേഷ്യ, കിഴക്കനേഷ്യ, തെക്കുകിഴക്കനേഷ്യന് രാജ്യങ്ങള് എന്നിവിടങ്ങളിലെ സംസ്കാരങ്ങള് ഈ മതത്തേയും, ബുദ്ധമതം ഈ സംസ്കാരങ്ങളെയും സ്വാധീനിച്ചു. ഒരു കാലഘട്ടത്തില് ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട് മതം ഇതായിരുന്നു. ബുദ്ധമതത്തില് തന്നെയുള്ള തേര്വാദ(ഥേര് വാദം), മഹായാന, വജ്രയാന, ഹീനയാന തുടങ്ങിയ സിദ്ധാന്തങ്ങള് വിവിധ ഘട്ട്ങ്ങളില് രൂപം കൊള്ളുകയും അവ ഒരോന്നും മറ്റുള്ളവക്കുമേല് ശക്തിപ്രാപിക്കുകയോ ക്ഷയിക്കുകയോ ചെയ്തിട്ട്ുമുണ്ട്.